## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2569** **17/06/2019-ൽ മറുപടിയ്ക്ക്**

## <u>വിദ്യാഭ്യാസ വിവരവിനിമയ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| **(എ)** | പട്ടികവർഗ്ഗ വിദ്യാഭ്യാസ വിവരവിനിമയ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ; | **(എ)** | പട്ടികവർഗ്ഗ വിദ്യാഭ്യാസ വിവരവിനിമയ പദ്ധതിക്ക് 2 ഘടകങ്ങളുണ്ട്.<br>1) പബ്ലിസിറ്റി വിഭാഗം,<br>2) ദേശീയ കലാവ്യാപാരമേള<br>സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ, നാടൻ കലോത്സവങ്ങൾ മദ്യവിരുദ്ധ പ്രചാരണം തുടങ്ങിയവ നടത്തുക, പട്ടികവർഗ്ഗക്കാരുടെ ജീവിത രീതിയിലും സാംസ്കാരികവും ദൈനംദിനവുമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കുക, സാമൂഹ്യ ഐക്യദാർഡ്യ പക്ഷാചരണം, സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ കായികമായ മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയോ പി.ആർ.ഡി. മുഖേനയോ പ്രചാരണം / പരസ്യം / ഡോക്യുമെന്റേഷൻ / ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തുക, പട്ടികവർഗ്ഗ ഗൈഡ് പ്രസിദ്ധീകരിക്കുക എന്നിവയാണ് പബ്ലിസിറ്റി വിഭാഗം നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.<br>പട്ടികവർഗ്ഗക്കാരുടെ കലകളെയും ഉത്സവങ്ങളേയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയ കലാവ്യാപാരമേള. സംസ്ഥാനത്ത് 'ഗദ്ദിക' എന്ന പേരിൽ എല്ലാ സാമ്പത്തിക വർഷവും 2 കലാമേളകൾ സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പട്ടികവർഗ്ഗക്കാരുടെ ജീവിതരീതിയും അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളെ ക്കുറിച്ചുമുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ വിദ്യാഭ്യാസ വിവരവിനിമയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ വകുപ്പിന്റെ പദ്ധതികളും, പദ്ധതി നിർവ്വഹണ നേട്ടങ്ങളുടെയും ഡിജിറ്റൽ ഡോക്യുമെന്റേഷൻ, വിദ്യാഭ്യാസ വിവര വിനിമയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ ക്കാരുടെ ജീവിതരീതിയും അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളും ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്ത് സൂക്ഷിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗക്കാരുടെ കലാസാംസ്കാരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വകുപ്പ് വർഷം തോറും നടത്തി വരുന്ന പ്രദർശന വിപണന കലാമേളയാണ് 'ഗദ്ദിക'. പട്ടികവർഗ്ഗക്കാരുടെ തനത് നൃത്തരൂപങ്ങളും, കലാപരിപാടികളും അവതരിപ്പിക്കുന്നതിന് 'ഗദ്ദിക' അവസരമൊരുക്കുന്നു. 10 ദിവസത്തെ മേളയാണ് സംഘടിപ്പിക്കുന്നത്. ഗദ്ദികയിൽ അവതരിപ്പിച്ച പട്ടികവർഗ്ഗ വിഭാഗക്കാരുടെ കലാപരിപാടികൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുന്നതിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പും സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിരുന്നു.<br><br>അട്ടപ്പാടിയിലെ ഗോത്ര വിഭാഗക്കാരുടെ വംശീയഗാനങ്ങൾ താളവും ഈണവും ചോർന്നു പോകാതെ ഓഡിയോ - വിഷൻ ഡോക്യുമെന്റേഷൻ ചെയ്തിട്ടുണ്ട്. അതിജീവനത്തിനായി ബുദ്ധിമുട്ടുന്ന ഒട്ടേറെ ഗോത്രകലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ ദൃശ്യരേഖകൾ സഹായകരമാകുന്നു.<br><br>കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കി വകുപ്പ് ഇ-സർവ്വെ നടത്തി വരുന്നത് അവസാന ഘട്ടത്തിലാണ്. ജി.പി.എസ് സഹായത്തോടെ ഓൺലൈനായാണ് സർവ്വെ നടത്തി വരുന്നത്.<br><br>പട്ടികവർഗ്ഗക്കാരുടെ സമ്പൂർണ്ണ വ്യക്തി വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഇ-സർവ്വെ സഹായകര മാകുന്നു.<br><br>വകുപ്പിന്റെ പദ്ധതികളും പദ്ധതി നേട്ടങ്ങളും പുസ്തകങ്ങളും മറ്റ് രേഖകളും ഡിജിറ്റൽ രൂപത്തിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിലേയ്ക്ക് ഒരു ഡിജിറ്റൽ മാഗസീൻ (മൊബൈൽ / വെബ് |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ) തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ വികസനവകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപാടികളുടെ പ്രചാരണം / ഡോക്യുമെന്റേഷൻ എന്നിവ ഏതൊക്കെ വിധത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രചരണം നടത്തുന്നതിനായി കൈ പുസ്തകം അച്ചടിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ പട്ടികജാതി വികസനവകുപ്പ് പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' മാസികയിലും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന കോളനികൾ കേന്ദ്രീകരിച്ച് പദ്ധതി സംബന്ധിച്ച് ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നടത്തി വരുന്നുണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും ആവശ്യമായ വിവരങ്ങൾ പട്ടികവർഗ്ഗക്കാർക്കും പൊതുജനങ്ങൾക്കും നൽകി വരുന്നുണ്ട്. ജില്ലാതല ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-മെസഞ്ചർ സംവിധാനം മുഖേന പദ്ധതി സംബന്ധിച്ചുള്ള ഡോക്യുമെന്റേഷൻ പ്രദർശിപ്പിച്ചു വരുന്നു.<br>സർഗോത്സവം, കളിക്കളം തുടങ്ങിയ കലാകായിക മേളകളുടെ പ്രോത്സാഹനം ഈ പദ്ധതിയുടെ കീഴിൽ വരുന്നവയാണ്. |
| (ഡി) | സർഗോത്സവം, കളിക്കളം തുടങ്ങിയ കലാകായിക മേളകളുടെ പ്രോത്സാഹനം ഈ പദ്ധതിയുടെ കീഴിൽ വരുമോയെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഇ) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br>അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി, വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി, സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ |

| | | | |
|---|---|---|---|
| | | | ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ ഗർഭിണികളുടെയും, മലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷാ ഉറപ്പു വരുത്തുന്നതിനും ജനനി ജന്മരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി, വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി എന്നിവയാണ് പോഷകാഹരക്കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ<br><br>പട്ടികവർഗ്ഗക്കാരിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ട്രൈബൽ പ്ലസ് എന്ന പുതിയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ 100 ദിവസത്തെ അധിക ജോലിയും വരുമാനവും ഉറപ്പാക്കുന്നു. അട്ടപ്പാടി പോലുള്ള പിന്നാക്ക സ്ഥലങ്ങളിൽ മില്ലറ്റ് വില്ലേജ് എന്നൊരു പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി അവർക്ക് സ്ഥിരം വരുമാനം ഉണ്ടാകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ജീവനോപാധി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിലൂടെ ഇവർക്കിടയിലെ ദാരിദ്ര്യം ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഉപകരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ